## പതിനാലാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.259 28/05/2019-ൽ മറുപടിയ്ക്ക്**

### സൂര്യാഘാതം തടയാൻ സ്വീകരിച്ച മുൻകരുതലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ.ടി.ടൈസൺ മാസ്റ്റർ<br>,, കെ.രാജൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പലയിടങ്ങളിലും വ്യാപകമായി സൂര്യാഘാതം ഏറ്റതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫെബ്രുവരി മാസം 25 മുതൽ തന്നെ സൂര്യാതപവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ എല്ലാ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. കൂടുതൽ പേർക്കും സൂര്യാഘാതം മൂലമുള്ള പൊള്ളലാണ് ഏറ്റിട്ടുള്ളത് (871 പേർക്ക്). 763 പേർക്ക് ചെറിയ രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്. ശരീരം ചുവന്ന് തടിക്കുന്നത് (heatrash) മിക്കവാറും എല്ലാ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഇടുക്കി, വയനാട്, കാസർഗോഡ് ഒഴികെ മറ്റ് ജില്ലകളിൽ നിന്നെല്ലാം താരതമ്യേന തീവ്രമായ ശരീര താപശോഷണം മൂലമുള്ള പ്രശ്നങ്ങൾ ആകെ 32 ഓളം പേർക്ക് ഉണ്ടാവാനിടയായി. എറണാകുളം ജില്ലയിൽ ഒരു വ്യക്തി സൂര്യാതപം മൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ വർഷം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സൂര്യാഘാതം ഏറ്റവർക്ക് എന്തൊക്കെ ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ വർഷം 25/02/2019 മുതൽ 23/05/2019 വരെ 763 പേർക്ക് ഹീറ്റ്റാഷസും 871 പേർക്ക് സൂര്യാഘാതം മൂലമുള്ള പൊള്ളലും 32 പേർക്ക് ശരീരതാപശോഷണവും ഉണ്ടാവാനിടയായി. എറണാകുളം ജില്ലയിൽ ഒരാൾ സൂര്യാഘാതം മൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | സൂര്യാഘാതം ഏല്ക്കുന്നത് തടയാൻ ആരോഗ്യ വകുപ്പ് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | ഫെബ്രുവരി പകുതിയോടെ സംസ്ഥാനത്ത് അന്തരീക്ഷ താപനില കൂടുന്ന സാഹചര്യം ഉണ്ടായതിനെ തുടർന്ന് 14/02/2019 -ന് സൂര്യാഘാതം സംബന്ധിച്ച് ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകി സൂര്യാഘാതത്തെ |

| | | | |
|---|---|---|---|
| | | | കുറിച്ച് ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനുള്ള കൈപ്പുസ്തകം ലഭ്യമാക്കി. വിവിധ പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ സൂര്യാഘാതത്തിനെതിരെ പൊതുജനങ്ങൾക്കുള്ള മുന്നറിയിപ്പ് നൽകുകയുണ്ടായി. 05/03/2019 മുതൽ സൂര്യാഘാതം സംബന്ധിച്ച പ്രതിദിന റിപ്പോർട്ടുകൾ ജില്ലകളിൽ നിന്നും ലഭ്യമാക്കി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ കാര്യാലയത്തിലേയ്ക്ക് അയച്ചുവരുന്നു. തിരുവനന്തപുരം കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽ നിന്നുള്ള ഉഷ്ണ തരംഗ സംബന്ധമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ ദിവസേന ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ ലഭ്യമാക്കുകയും അത് ജില്ലകൾക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. 23/03/2019-ന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ ഉഷ്ണ തരംഗം സൂര്യാഘാതം സൂര്യതാപം- പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു കൊടുത്തു. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 23/03/2019-ന് പ്രധാനപ്പെട്ട എല്ലാ എഫ്.എം.റേഡിയോ ചാനലുകൾ വഴി ജനങ്ങൾക്കാവശ്യമായ അവബോധം നൽകുകയുണ്ടായി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ദിവസേനയും ആഴ്ചതോറുമുള്ള ഐ.ഡി.എസ്.പി. അവലോകന യോഗങ്ങളിൽ സൂര്യാഘാതം സംബന്ധിച്ച റിപ്പോർട്ടുകൾ വിലയിരുത്തുകയും ജില്ലകൾക്കാവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്തു വരുന്നു. |
| (ഡി) | സൂര്യാഘാതം ഏല്ക്കുന്നവർക്ക് ഏതൊക്കെ തരത്തിലുള്ള ആശ്വാസ നടപടികളും ചികിത്സാ സഹായങ്ങളുമാണ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ? | (ഡി) | സൂര്യാഘാതം മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളവർക്ക് യഥാസമയം ആരോഗ്യ വകുപ്പ് സ്ഥാപനങ്ങൾ വഴി ശരിയായ ചികിത്സ നൽകിയിരുന്നു. ഇതിനുള്ള ക്രമീകരണങ്ങൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിരുന്നു. 21/03/2019-ലെ സ.ഉ(സാധാ) നം. 225/2019-ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം ഉഷ്ണ |

| | | | |
|---|---|---|---|
| | | | തരംഗവുമായി ബന്ധപ്പെട്ടുള്ള പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി 50 ലക്ഷം രൂപ വീതം ചെലവഴിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും അനുമതി നൽകി ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ